**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2224** **30-09-2025 - ൽ മറുപടിയ്ക്ക്**

**നെട്ടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായ തസ്തികകൾ സൃഷ്ടിക്കൽ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ ജി എസ് ജയലാൽ</td><td colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>നെട്ടുങ്ങോലം രാമ റാവു മെമ്മോറിയൽ ഗവ. താലൂക്ക് ആശുപത്രിയിൽ നിലവിൽ അനുവദനീയമായ ഡോക്ടർമാരുടെ തസ്തികകൾ എത്രയെന്നും ഏതെല്ലാം വിഭാഗങ്ങളിലാണ് ഡോക്ടർമാരുടെ അംഗീകൃത തസ്തികകൾ ഉള്ളതെന്നും അംഗീകൃത തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം നിലവിലുണ്ടോയെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>
<table>
<tr><th>ക്രമ നം.</th><th>തസ്തിക</th><th>അനുവദിക്കപ്പെട്ട തസ്തിക</th><th>നിലവിലുള്ളത്</th><th>ഒഴിവ</th></tr>
<tr><td>1</td><td>സിവിൽ സർജൻ</td><td>1</td><td>1</td><td>0</td></tr>
<tr><td>2</td><td>അസിസ്റ്റന്റ് സർജൻ</td><td>5</td><td>5</td><td>0</td></tr>
<tr><td>3</td><td>ജൂനിയർ കൺസൾട്ടന്റ് (ഒ&ജി)</td><td>1</td><td>1</td><td>0</td></tr>
<tr><td>4</td><td>ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രിക്സ്)</td><td>1</td><td>1</td><td>0</td></tr>
<tr><td>5</td><td>അസിസ്റ്റന്റ് ഡെന്റൽ സർജൻ</td><td>1</td><td>1</td><td>0</td></tr>
<tr><td></td><td>ആകെ</td><td>9</td><td>9</td><td>0</td></tr>
</table>
അംഗീകൃത തസ്തികകളിലെല്ലാം ഡോക്ടർമാരുടെ സേവനം നിലവിലുണ്ട്.</td></tr>
<tr><td>(ബി)</td><td>പ്രസ്തുത ആശുപത്രിയിൽ താത്കാലികാടിസ്ഥാനത്തിൽ എത്ര ഡോക്ടർമാരുടെ സേവനം ഇപ്പോൾ ലഭിക്കുന്നുണ്ടെന്നും ആയത് ഏതെല്ലാം വിഭാഗങ്ങളിലാണെന്നും പ്രസ്തുത ഡോക്ടർമാരുടെ സേവനം നിലവിൽ ലഭ്യമാണോയെന്നും അറിയിക്കാമോ;</td><td>(ബി)</td><td>2 എൻ.എച്ച്.എം ഡോക്ടർമാർ, ഒരു ഡയാലിസിസ് യൂണിറ്റ് മെഡിക്കൽ ഓഫീസർ (മുൻസിപ്പാലിറ്റി പ്രോജക്ട്) എന്നിങ്ങനെ താത്കാലികാടിസ്ഥാനത്തിൽ 3 ഡോക്ടർമാരുടെ സേവനം നെട്ടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ ഇപ്പോൾ ലഭ്യമാണ്.</td></tr>
<tr><td>(സി)</td><td>നെട്ടുങ്ങോലം ഗവ. താലൂക്ക് ആശുപത്രിയിൽ അനിവാര്യമായതും എത്രയും വേഗം സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ചും അതിൽ സത്വരമായി നിയമനം നടത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും എം.എൽ.എ. നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ</td><td>(സി)</td><td>ആരോഗ്യ വകുപ്പിൽ ഗ്യാപ് അനാലിസിസ് നടത്തി അനിവാര്യമായ തസ്തികകൾ ഘട്ടം ഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.</td></tr>
</table>

| | | | |
|---|---|---|---|
| | സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ